എംപ്ലോയീസ് ഇൻഫർമേഷൻ സിസ്റ്റം

203(2672) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ "എംപ്ലോയീസ് ഇൻഫർമേഷൻ സിസ്റ്റം "എന്ന സോഫ്റ്റ്വെയറിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഇത് എന്നത്തേക്ക് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി എത്ര തുകയാണ് ചെലവു പ്രതീക്ഷിക്കുന്നത്; ഇതുവരെ എത്ര തുക ചെലവായിട്ടുണ്ട്;

(സി) ഗവൺമെന്റ് ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സ്പാർക്ക് സോഫ്റ്റ്വെയർ ആവശ്യമായ ഭേദഗതികളോടെ വാട്ടർ അതോറിറ്റിയിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എംപ്ലോയീസ് ഇൻഫർമേഷൻ സിസ്റ്റം ആന്റ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് സിസ്റ്റം എന്ന സോഫ്റ്റ്വെയറിന്റെ എംപ്ലോയീസ് ഇൻഫർമേഷൻ പാർട്ട് നിബന്ധനകൾക്ക് വിധേയമായി അംഗീകരിച്ചു ഈ സോഫ്റ്റ്വെയർ ഇ.ആർ.പി. സോഫ്റ്റ്വെയറുമായി സംയോജിപ്പിച്ച് സമയബന്ധിതമായി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) എംപ്ലോയീസ് ഇൻഫർമേഷൻ സിസ്റ്റം ആന്റ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് സിസ്റ്റം സോഫ്റ്റ്വെയറിന് 16 ലക്ഷം രൂപയാണ് ചെലവ് വരുന്നത്. ഇതുവരെ 9.6 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) സ്പാർക്ക് സോഫ്റ്റ്വെയർ ഭേദഗതികളോടെ വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കുന്നതിന്റെ പ്രായോഗികത പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly